പത്രക്കുറിപ്പ്
21.07.2017

## കുടുംബശ്രീയുടെ സംരംഭ വികസനത്തിന് പുതിയ മുഖം

കേന്ദ്രസർക്കാർ ഗ്രാമവികസന വകുപ്പിന്റെ സ്റ്റാർട്ടപ് വില്ലേജ് സംരംഭകത്വ വികസന പദ്ധതിയിൽ കേരളത്തിന് 12 പ്രോജക്ടുകൾ അനുവദിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്റ്റാർട്ടപ് വില്ലേജ് സംരംഭകത്വ വികസന പദ്ധതി തുടങ്ങും. നിലവിൽ എറണാകുളം ജില്ലയിലെ വടവുകോട്, പത്തനംതിട്ട ജില്ലയിലെ പറക്കോട് എന്നീ ബ്ലോക്കുകളിൽ പദ്ധതി നടന്നുവരികയാണ്. പ്രാദേശിക സാധ്യതകൾ മനസ്സിലാക്കി തുടങ്ങുന്ന സംരംഭങ്ങളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതോടെ എല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്ന ഏക സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപപദ്ധതിയായ എസ്.വി.ഇ.പി വഴി നിലവിൽ സംരംഭങ്ങൾ നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായിരിക്കും ഇത്.

കുടുംബശ്രീയാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. സാങ്കേതിക സഹായം നൽകുന്നത് കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനാണ്. ഒരു സംസ്ഥാനത്തിന് പരമാവധി 8 ബ്ലോക്കുകളിൽ മാത്രം പദ്ധതി എന്ന പരിധിയിൽ പ്രത്യേക ഇളവ് അനുവദിച്ചുകൊണ്ടാണ് ഗ്രാമവികസന വകുപ്പ് കേരളത്തിന് 12 പ്രോജക്ടുകൾ കൂടി അനുവദിച്ചത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ബ്ലോക്കുകളിൽ സംരംഭകത്വ വികസനം പദ്ധതി നടപ്പാക്കുന്ന സംസ്ഥാനം കേരളമാണ്.

പദ്ധതിയിലൂടെ പ്രത്യേക പരിശീലനം ലഭിക്കുന്ന വ്യക്തികളുടെ സേവനം സംരംഭകർക്ക് ലഭ്യമാക്കിക്കൊണ്ടും വായ്പയ്ക്കുള്ള സഹായം നൽകിക്കൊണ്ടും ഒരു ബ്ലോക്കിൽ രണ്ടായിരത്തിലേറെ സംരംഭങ്ങളെ സഹായിക്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ് വില്ലേജ് പദ്ധതി. സ്റ്റാർട്ടപ് വില്ലേജ് സംരംഭത്തിന് മൂന്ന് പ്രധാന ലക്ഷ്യങ്ങളാണ് ഉള്ളത്. ബ്ലോക്ക് റിസോഴ്സ് സെന്റർ സ്ഥാപിച്ച് പുതിയതും നിന്നുപോയതുമായ സംരംഭങ്ങൾക്കാവശ്യമുള്ള സഹായം നൽകുന്നതിന് ഒരു റിസോഴ്സ് സെന്റർ ആരംഭിക്കുക, പുതിയ സംരംഭങ്ങളെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക, നിലവിലുള്ള സംരംഭകർ പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം തുടങ്ങുക എന്നിവയാണ് ലക്ഷ്യങ്ങൾ. വായ്പാ സഹായം നൽകുന്നതു വഴി കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കും. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും

60:40 എന്ന അനുപാതത്തിൽ പണം മുടക്കിയാണ് പദ്ധതി നടപ്പിലാക്കുക. ഒരു ബ്ലോക്കിൽ ഏതാണ്ട് ആറുകോടിയോളം രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കുക. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ തുടങ്ങുന്ന സംരംഭങ്ങൾക്ക് എല്ലാ പിന്തുണയും നൽകി സ്വയംപര്യാപ്തമാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**